വീണ്ടും നൽകേണ്ടതിനാൽ പുതിയ അലൈൻമെന്റ് തയ്യാറാക്കി ടൗൺ പ്ളാനിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കോട്ടുളി-സിവിൽ സ്റ്റേഷൻ റോഡിന്റെ ഒരു ഭാഗം എൽ.എ. തഹസിൽദാരുടെ അനുമതിയോടെ അഡ്വാൻസ് ആയി ഏറ്റെടുത്ത് പൊതുമരാമത്തിനെ ഏല്പിച്ച് റോഡാക്കി മാറ്റിയിട്ടുണ്ട്.

(ബി ആന്റ് സി) ഉണ്ട്. അക്വിസിഷന് വേണ്ടി ഫണ്ട് നീക്കി വയ്ക്കുകയും 2000-2001 ജനകീയാസൂത്രണ പദ്ധതി പ്രകാരം 20,40,000 രൂപയുടെ ട്രഷറി ചെക്ക് ജില്ലാ കലക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെക്ക് ഇതുവരെ ട്രഷറിയിൽ നിന്നും മാറുവാൻ സാധിച്ചിട്ടില്ലായെന്ന കാരണത്താൽ തഹസിൽദാർ തിരിച്ചയച്ചിരിക്കുകയാണ്. ഇത് മാറി കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മുരിക്കാശ്ശേരി-മുങ്ങാപ്പാറ-കള്ളിപ്പാറ-കൊന്നയ്ക്കാമാലി-മേലെ ചിന്നാർ നബാർഡ് റോഡ് പണി

132 [1608] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ പണി ആരംഭിച്ച ആർ.ഐ.ഡി.എഫ്. IV-ൽ പെട്ട മുരിക്കാശ്ശേരി-മുങ്ങാപ്പാറ-കള്ളിപ്പാറ-കൊന്നയ്ക്കാമാലി-മേലെചിന്നാർ നബാർഡ് റോഡ് പണിയ്ക്ക് എന്നാണ് സർക്കാർ ടെണ്ടർ നൽകിയത്;

(ബി) ഈ പണി 1-8-2000-ൽ ആരംഭിച്ച കാര്യം സർക്കാരിന് അറിവുണ്ടോ;

(സി) നബാർഡ് സ്കീമിൽപ്പെടുത്തി പണി ആരംഭിച്ചപ്പോൾ ഇത് പൂർത്തീകരിക്കേണ്ട സമയം ടെണ്ടർ സമയത്ത് കോൺട്രാക്ടറെ അറിയിച്ചിരുന്നുവോ;

(ഡി) എങ്കിൽ എന്നായിരുന്നു പണി പൂർത്തിയാക്കേണ്ടിയിരുന്നത്;

(ഇ) കോൺട്രാക്ടർ രേഖാമൂലം അപേക്ഷിച്ചതു പ്രകാരം ഏതെങ്കിലും സർക്കാർ ഡിപ്പാർട്ട്മെന്റ് ഈ പണിക്ക് കൂടുതൽ സമയം നൽകിയിരുന്നവോ;

(എഫ്) ഈ റോഡ് പണി നടക്കുന്ന സ്ഥലത്ത് വർക്ക് ഏറ്റെടുത്ത കോൺട്രാക്ടർ വരുന്നില്ലായെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കുത്തനെ കയറ്റം ഉള്ള ഈ റോഡിന്റെ കയറ്റം എത്ര കണ്ട് കുറച്ച് പണി പൂർത്തിയാക്കാനാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(എച്ച്) എവിടെയെല്ലാം സൈഡ്വാൾ കെട്ടാനും ഓടകളും കലുങ്കുകളും നിർമ്മിക്കാനുമാണ് ടെണ്ടറിൽ വ്യവസ്ഥ ഉണ്ടായിരുന്നത്;

(ഐ) ടെണ്ടറിലെ വ്യവസ്ഥ പ്രകാരമാണോ ഇപ്പോൾ പണി നടക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) മെറ്റലിംഗ് ടാറിംഗ് ഇവ സംബന്ധിച്ച് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(കെ) പണി പൂർത്തിയാക്കുമെന്ന് അറിയിച്ച 2004 മാർച്ച് 30-ന് തന്നെ പണി പൂർത്തീകരിച്ച് റോഡ് നാട്ടുകാർക്ക് ഗതാഗതത്തിന് കൊടുക്കുമെന്ന് സർക്കാർ ഉറപ്പ് നൽകുമോ; ഇല്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെണ്ടർ സ്വീകരിച്ചതിനെ തുടർന്ന് 27-6-2000-ന് കോൺട്രാക്ടർ എഗ്രിമെന്റ് വെച്ചു.

(ബി) ഉണ്ട്.

(സി) എഗ്രിമെന്റ് വെച്ച് ഒരു വർഷത്തിനകം പണി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(ഡി) 27-6-2001-ന്

(ഇ) നല്കിയിരുന്നു.

(എഫ്) ഇപ്പോൾ കോൺട്രാക്ടർ പണി നടക്കുന്ന സ്ഥലത്ത് വരുന്നുണ്ട്. പണികൾ പുരോഗമിക്കുന്നുണ്ട്.

(ജി) ഈ റോഡിന്റെ ഗ്രേഡിയന്റ് എട്ടിന് ഒന്ന് (1 in 8) എന്ന അനുപാതത്തിലാണ്.

(എച്ച്) മണ്ണ് ഫില്ലിംഗ് ഉള്ളിടത്ത് സൈഡ് വാൾ കെട്ടാനും നീർച്ചാലുകൾ റോഡു മുറിച്ച് കടക്കുന്ന സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിക്കാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഐ) അതെ.

(ജെ) മെറ്റലിംഗ് പണി പുരോഗമിക്കുന്നു. ടാറിംഗ് പണി 2004 മാർച്ച് 30-ന് മുമ്പ് തീർക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(കെ) 2004 മാർച്ച് 30-നകം പണി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡവലപ്മെന്റ് അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

133 [1609] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡവലപ്മെന്റ് അതോറിറ്റികളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly